# Alprazolam

പേര് (Generic) : അൽപ്രാസൊലം (Alprazolam)

Common Brand Names : Alprax, Trika

General category: sedatives and hypnotics, Anxiolytics

ചരിത്രം :

1970 മുതൽ ഈ മരുന്ന് ലോകവ്യാപകമായി ഉപയോഗിച്ചു വരുന്നു. ഈ മരുന്ന് ജെനെറിക് ആയി ലഭ്യമാണ്. നിരവധി കമ്പനികൾ ഇത് വ്യത്യസ്ത പേരുകളിൽ മാർക്കറ്റിൽ ലഭ്യമാക്കുന്നു.

പ്രധാന ഉപയോഗം എന്താണ് ?

ഉത്കണ്ഠ രോഗങ്ങൾ, ഉറക്കക്കുറവ്, അപസ്മാരം, പേശികളുടെ ബലംപിടുത്തം, മദ്യപാനം നിർത്തുന്നതിന്റെ ഭാഗമായിട്ടുള്ള ചികിത്സ.

കടുത്ത പരിഭ്രമവും ഉത്കണ്ഠയും വരുന്നവരിൽ മനസികസൗഖ്യം നൽകുകയും അവരിൽ കാണുന്ന ശാരീരികാസ്വാസ്ഥ്യം (നെഞ്ച് ഇടിപ്പ്, വിറയൽ തുടങ്ങിയവ) കുറക്കുകയും ചെയ്യുന്നു. പെരുമാറ്റവും പ്രവർത്തികളും സാധാരണ നിലയിലാക്കാൻ സഹായിക്കുന്നു. മദ്യപാനം നിർത്തുമ്പോൾ ഉണ്ടാകുന്ന ഉറക്കക്കുറവ്, വിറയൽ, സ്ഥലകാലബോധം നഷ്ടപ്പെട്ട പോലെയുള്ള പെരുമാറ്റം, അപസ്മാരം എന്നിവയ്ക്കെല്ലാം വളരെ ഫലപ്രദമാണ് .

എങ്ങനെയാണ് ഈ മരുന്ന് പ്രവർത്തിക്കുന്നത് ?

മരുന്ന് രക്തത്തിലൂടെ തലച്ചോറിൽ എത്തുന്നു. ചിന്തകളുടേയും വികാരങ്ങളുടേയും പ്രവർത്തികളുടേയും അടിസ്ഥാനമായ തലച്ചോറിലെ സർക്യൂട്ടുകളിൽ മരുന്ന് മാറ്റങ്ങൾ വരുത്തുന്നു. ഈ മാറ്റങ്ങൾ മനസികാവസ്ഥയെ സാധാരണ നിലയിലാക്കാൻ സഹായിക്കുന്നു.

കഴിക്കും മുൻപ് നിങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ ?

ഈ മരുന്നു കഴിച്ച് എന്തെങ്കിലും അലർജിയോ കഠിനമായ പാർശ്വഫലങ്ങളോ പണ്ടുണ്ടായിട്ടുണ്ടെങ്കിൽ അക്കാര്യം ഡോക്ടറോട് പറയണം. ഗർഭിണികളും പാലൂട്ടുന്ന അമ്മമാരും ഇക്കാര്യം ഡോക്ടറെ ഓർമ്മപ്പെടുത്തണം. ശ്വാസകോശ സംബന്ധമായ

© Institute for Mind and Brain (Inmind), Thrissur: 04884239000.

രോഗങ്ങൾ ഉള്ളവർ ഇക്കാര്യം ചർച്ച ചെയ്യണം. കുട്ടികളിലും പ്രായമായവരിലും അളവ് കുറക്കേണ്ടി വരുമെന്ന് ഓർമിക്കണം .

## ഈ മരുന്ന് നിർദ്ദേശിക്കുന്നതിനു മുൻപേ നിങ്ങളുടെ ഡോക്ടർ എന്തൊക്കെ വിലയിരുത്തും ?

നിങ്ങളുടെ ശാരീരിക ആരോഗ്യം ഡോക്ടർ വിലയിരുത്തും. നിങ്ങൾ കഴിക്കുന്ന മറ്റു മരുന്നുകളും ഡോക്ടർ വിശകലനം ചെയ്യും. കരൾ രോഗങ്ങൾ, വൃക്ക രോഗങ്ങ എന്നിവ ഉള്ളവരിൽ മരുന്നു തുടങ്ങുന്നതിനു മുൻപേ പ്രത്യേക പരിശോധനകൾ ആവശ്യമായി വരാം. കരളിന്റെ പ്രവർത്തനം (Liver function test ), വൃക്കയുടെ പ്രവർത്തനം (renal function test) തുടങ്ങിയവ ഡോക്ടർ പരിശോധിക്കാൻ നിർദേശിച്ചെന്ന് വരാം .

## ഈ മരുന്ന് കഴിക്കാൻ തുടങ്ങുന്നത് ഒട്ടും അഭികാമ്യമല്ലാത്തത് എപ്പോൾ?

1. മരുന്നിനോട് പ്രത്യേക അലർജിയുണ്ടെങ്കിൽ.
2. ഗർഭിണികളിൽ.
3. കരളിന്റെ പ്രവർത്തനത്തിൽ കാര്യമായ തകരാറുണ്ടെങ്കിൽ.
4. പ്രായമായവരിൽ.
5. ശ്വാസതടസ്സമുള്ളവരിൽ.
6. തലയ്ക്കു ഗുരുതരമായ പരിക്കേറ്റവരിൽ.

## മരുന്നിന്റെ ഡോസ് എങ്ങനെയാണ് ?

ഗുളിക, ദിവസേന 0.25mg - 0.5mg ഡോസ് രണ്ടോമൂന്നോ നേരമായിട്ടാണ് സാധാരണ കൊടുക്കാറുള്ളത്. ഉറക്കക്കുറവിനു ചിലരിൽ രാത്രി മാത്രമായിട്ടും നൽകാറുണ്ട് .

## ഈ മരുന്ന് ഏതെല്ലാം രൂപത്തിൽ ലഭ്യമാണ് ?

ഗുളിക രൂപത്തിൽ ആണ് ഈ മരുന്ന് സാധാരണ ലഭിക്കാറുള്ളത്.

## സാധാരണ കഴിക്കുന്ന രീതി എന്താണ് ?

ഒരു നേരമോ രണ്ടോമൂന്നോ നേരമോ ആയി കഴിക്കാം. ഭക്ഷണത്തിന്റെ കൂടെയോ അല്ലാതെയോ കഴിക്കാം.

## സാധാരണ പാർശ്വഫലങ്ങൾ എന്തൊക്കെ ?

പലപ്പോഴും യാതൊരു വിധ പ്രശ്നങ്ങളും ഉണ്ടാകാറില്ല. ക്ഷീണം, ഉറക്കക്കൂടുതൽ, ബലക്കുറവ്, നടക്കുമ്പോൾ വീഴാൻ പോകൽ എന്നിവ ഉണ്ടായേക്കാം. ചിലരിൽ ആശയക്കുഴപ്പം ഉണ്ടാകാനിടയുണ്ട്.

© Institute for Mind and Brain (Inmind), Thrissur: 04884239000.

## ഡോക്ടറെ ഉടൻ അറിയിക്കേണ്ട സന്ദർഭങ്ങൾ എന്തൊക്കെ ?

അപൂർവ്വമായി കാണുന്ന ചില പ്രയാസങ്ങൾ ആണിവ. അപൂർവ്വം എങ്കിലും അപകടകരമായതിനാൽ ഇവ എടുത്തു പറയുന്നു എന്ന് മാത്രം.

1. ശാരീരികമായ കടുത്ത അസ്വസ്ഥതകൾ.
2. മരുന്ന് തുടങ്ങി അധികം കഴിയാതെ കടുത്ത ചൊറിച്ചിൽ, വായക്ക് അകവും പുറവും തൊലി ചുവന്നുവരിക, തൊലി പൊട്ടുക തുടങ്ങിയവ മരുന്നിനോടുള്ള അലർജി ആവാം.
3. ശ്വാസതടസ്സം അനുഭവപ്പെടുക .

ഇത്തരം പ്രയാസങ്ങൾ ഏതെങ്കിലും കണ്ടാൽ മരുന്ന് നിർത്തി ഉടനെ തന്നെ ഡോക്ടറുമായി ബന്ധപ്പെടണം.

## സാധാരണ പാർശ്വഫലങ്ങൾ കണ്ടാൽ എന്ത് ചെയ്യണം ?

സാധാരണയായി കാണുന്നവ ( ക്ഷീണം, ഉറക്കക്കൂടുതൽ ) എന്നിവ കുറച്ചു ദിവസങ്ങൾക്കുള്ളിൽ കുറയുകയും അപ്രത്യക്ഷമാവുകയും ചെയ്യും. ശരീരം മരുന്നിനോട് പൊരുത്തപ്പെടുവാൻ ചിലപ്പോൾ കുറച്ചു ദിവസങ്ങൾ എടുത്തേക്കാം. അങ്ങനെ കുറയുന്നില്ല എങ്കിൽ ചിലപ്പോൾ ഡോസ് കുറക്കേണ്ടി വരും. ചിലപ്പോൾ അനുഭവപെടുന്ന പ്രയാസങ്ങൾ മാനസിക പ്രശ്നത്തിന്റെ തന്നെ ഭാഗമാണോ എന്നും നോക്കണം .

## ഗർഭിണികൾക്ക് കഴിക്കാമോ ?

ഗർഭകാലത്ത് ഈ മരുന്ന് കഴിയുന്നതും ഒഴിവാക്കുകയാണ് നല്ലത്. എങ്കിലും കഴിക്കുന്നത് കൊണ്ടുള്ള ഗുണങ്ങൾ നോക്കി ഡോക്ടറുടെ നിർദ്ദേശം അനുസരിച്ച് തീരുമാനമെടുക്കുക.

## പാലൂട്ടുന്ന അമ്മമാർക്ക് കഴിക്കാമോ?

പാലിൽ ഈ മരുന്ന് വന്നേക്കാം. മുലയൂട്ടുന്നവർ ഈ മരുന്ന് കഴിയുന്നതും ഒഴിവാക്കുകയാണ് നല്ലത്. എങ്കിലും കഴിക്കുന്നത് കൊണ്ടുള്ള ഗുണങ്ങൾ നോക്കി ഡോക്ടറുടെ നിർദ്ദേശം അനുസരിച്ച് തീരുമാനമെടുക്കുക.

## കഴിക്കുമ്പോൾ പാലിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ ?

ഭക്ഷണം മരുന്നിനെ ബാധിക്കില്ല . മദ്യപാനവും പുകവലിയും ഒഴിവാക്കണം. നിർദ്ദേശിച്ച അളവിൽ മാത്രം മരുന്ന് കഴിക്കുക.

© Institute for Mind and Brain (Inmind), Thrissur: 04884239000.

## മരുന്ന് സൂക്ഷിക്കേണ്ട വിധം

2 5 ഡിഗ്രിക്ക് താഴെയുള്ള താപനിലയിൽ സൂക്ഷിക്കുക.

## എത്ര കാലം മരുന്ന് കഴിക്കണം ?

ഡോക്ടർ പറയാതെ നിർത്തരുത്. ഇത് രോഗം വീണ്ടും പ്രത്യക്ഷപ്പെടുവാൻ ഇടയാക്കിയേക്കാം. ഈ മരുന്ന് കൊണ്ട് പ്രതീക്ഷിച്ച ഗുണം കിട്ടിയില്ലെങ്കിൽ അക്കാര്യം ഡോക്ടറുമായി ചർച്ച ചെയ്യുക. മരുന്ന്, ഡോക്ടർ നിർദ്ദേശിക്കുന്ന അവസരത്തിൽ തന്നെ നിർത്തുകയും ചെയ്യണം. തുടർന്ന് കഴിച്ചുകൊണ്ടിരിക്കരുത്.

## ഈ മരുന്ന് ഉപയോഗിക്കുന്നവർ ഇതിനു ' അഡിക്റ്റഡ് ' ആകുമോ ?

ഇത് വളരെ സാധാരണമായ സംശയം തന്നെയാണ് . ഈ മരുന്ന് ഉപയോഗിക്കുന്നത് വഴി ഇതിനു 'അഡിക്റ്റഡ്' ആകുവാൻ ഉള്ള സാദ്ധ്യത തള്ളിക്കളയാനാകില്ല. ഡോക്ടറുടെ നിർദ്ദേശപ്രകാരമല്ലാതെ ഈ മരുന്ന് തുടർന്നുകഴിക്കുന്നതും, സ്വയം ചികിത്സ ചെയ്യുന്നതും, ഈ മരുന്നിനു അടിമപ്പെടുവാൻ ഇടയാക്കിയെക്കാം. ഈ മരുന്ന് നിർത്തുന്നതും ഡോക്ടറുടെ ഉപദേശ പ്രകാരം ഡോസ് ക്രമേണ കുറച്ചു തന്നെയായിരിക്കണം .

## ഈ മരുന്ന് എനിക്ക് സ്വയം ഉപയോഗിക്കാമോ ?

വൈദ്യോപദേശ പ്രകാരം മാത്രം ഉപയോഗിക്കപ്പെടേണ്ട ഒരു ' prescription only ' മരുന്നാണ് ഇത്. ഈ മരുന്ന് ഉപയോഗിക്കുന്നതിന്റെ ഔചിത്യം, യുക്തി, ശാരീരികമാനസിക ഫലങ്ങൾ പാർശ്വഫലങ്ങൾ എന്നിവ വിശദമായി വിലയിരുത്തി മാത്രമായിരിക്കും ഡോക്ടർ ഇത് നിർദ്ദേശിക്കുന്നത് .

© Institute for Mind and Brain (Inmind), Thrissur: 04884239000.